# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2838

10..03..2017 -ൽ മറുപടിയ്ക്ക്

## അയിരൂർ ഐ.എച്ച്.ആർ.ഡി. കോളേജ്

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.രാജു എബ്രഹാം | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അയിരൂർ ഐ.എച്ച്.ആർ.ഡി. കോളേജിന് എന്നാണ് സർക്കാർ അംഗീകാരം നൽകിയത്; എന്തൊക്കെ കോഴ്സുകളാണ് ഇവിടെയുള്ളത്; കോളേജിന്റെ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; | (എ) 17-07-2013-ലെ G.O. (MS) No.505/2013/H.Edn. പ്രകാരം ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പ്രവർത്തിച്ചിരുന്ന പത്തനംതിട്ട ജില്ലയിലെ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ, അയിരൂരിനെ നവീകരിച്ച് കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അയിരൂർ ആരംഭിക്കുവാനും ചുവടെ പ്പറയുന്ന മൂന്ന് കോഴ്സുകൾക്ക് മഹാത്മാ ഗാന്ധി സർവ്വകലാശാല യുടെ അഫിലിയേഷനോടുകൂടി അനുമതിയും ലഭിച്ചിരുന്നു.<br>1. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് - 30 സീറ്റ്.<br>2. ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മോഡ് 2 (വോക്കേഷണൽ ജേർണലിസം) - 40 സീറ്റ്.<br>3. ബി.സി.എ. - 30 സീറ്റ്.<br>എന്നാൽ കോളേജിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ എവിടെയാണ് ഈ കോളേജ് പ്രവർത്തിക്കുന്നത്; കോളേജിന് സ്വന്തമായി കെട്ടിടം ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 24-05-2003-ലെ G.O. (Rt) No.1903/03/G.Edn പ്രകാരം ഐ.എച്ച്.ആർ.ഡി.യ്ക്ക് അയിരൂരിൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ ആരംഭിക്കുവാൻ സ്ഥലം അനുവദിക്കുകയും പിന്നീട് പ്രസ്തുത സ്കൂൾ, കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ആയി അപ്ഗ്രേഡ് ചെയ്യുകയും ഉണ്ടായി. ടി സ്ഥലത്ത് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കോളേജ് കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. പ്രസ്തുത കെട്ടിടത്തിലെ 6 മുറികൾ മൂന്ന് കോഴ്സുകളുടെ ഒന്നാം വർഷ ക്ലാസുകൾക്കും, ഓഫീസ്, ലാബുകൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്കും പര്യാപ്തമാണ്. |
| (സി) | കോളേജിന് അഫിലിയേഷൻ നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (സി) | കോളേജിന്റെ അഫിലിയേഷൻ താൽക്കാലികമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കെട്ടിടങ്ങളുടേയും അനുബന്ധ സൗകര്യങ്ങളുടേയും അപര്യാപ്തതമൂലം 2014-15 വർഷം ക്ലാസുകൾ ആരംഭിക്കുവാൻ സാധിക്കാതെ വന്നതാണ് കാരണം. |

| | | | |
|---|---|---|---|
| (ഡി) | പ്രശ്നങ്ങൾ പരിഹരിച്ച് കോളേജിന്റെ അഫിലിയേഷൻ വീണ്ടെടുത്ത് അടുത്ത അധ്യയന വർഷം ക്ലാസുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോടൊപ്പം കോളേജിന്റെ അഫിലിയേഷൻ പുനസ്ഥാപിക്കുന്നതിനും, 2017-18 അദ്ധ്യയന വർഷത്തിൽ അഡ്മിഷൻ നടത്തുന്നതിനുംവേണ്ടി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറേയും നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ